C1/203/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 06.01.2022

**<u>പരിപത്രം</u>**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - 2022 - ഡി പി സി ലോവർ യോഗം ചേരുന്നത് - confidential റിപ്പോർട്ട് ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന :- ____________

*********

2022 കലണ്ടർ വർഷത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ , സീനിയർ സൂപ്രണ്ട് തസ്തികയിലുണ്ടാകുന്ന ഒഴിവുകളിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള സെലക്ട് കമ്മിറ്റി തയ്യാറാക്കുന്നതിന് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) യോഗം ചേരുന്നതിനായി 2019 , 2020 , 2021 കലണ്ടർ വർഷങ്ങളിലെ confidential റിപ്പോർട്ട് (ഓരോ കലണ്ടർ വർഷത്തെയും പ്രത്യേകം) ആവശ്യമാണ്.

ആയതിനാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവരിൽ 16.02.2019 ലെ സി 1/35156/2016/കോ.വി.വ പ്രകാരമുള്ള മുൻഗണനാ പട്ടികയിലെ എല്ലാ ജീവനക്കാരും, 21.12.2021 ലെ സി 1/42564/2021/കോ.വി.വ യിൽ ക്രമ നമ്പർ 6 വരെയുള്ളവരും 20.01.2022 ന മുൻപ് confidential റിപ്പോർട്ടും സെൽഫ് അസ്സെസ്സ്മെന്റ് റിപ്പോർട്ടും നിർബന്ധമായും ലഭ്യമാക്കേണ്ടതാണ് . നിരീക്ഷണകാലം പൂർത്തിയാകാത്തവരുടെയും നിശ്ചിത സമയ പരിധിക്കുള്ളിൽ confidential റിപ്പോർട്ട് ഹാജരാകാത്തവരുടെയും പേരുകൾ പ്രസ്തുത ഡിപ്പാർട്ട് മെന്റൽ പ്രൊമോഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ കഴിയില്ല എന്ന വിവരം കൂടി അറിയിക്കുന്നു. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിരീക്ഷണ കാലം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും confidential റിപ്പോർട്ടിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ടി തസ്തികയിൽ നിരീക്ഷണ കാലം പൂർത്തീകരിച്ചിട്ടില്ലാത്തവർ തൊട്ടുമുൻപുള്ള തസ്തികയിൽ നിരീക്ഷണകാലം പൂർത്തിയാക്കിയ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

മേൽ പരാമർശിച്ച ഉദ്യോഗസ്ഥർ, നിശ്ചിത ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ വാർഷിക confidential റിപ്പോർട്ട് (കലണ്ടർ വർഷം പ്രകാരം) സെൽഫ് അസ്സെസ്സ്മെന്റ് റിപ്പോർട്ട് സഹിതം റിപ്പോർട്ടിങ് ഓഫീസർമാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതും റിപ്പോർട്ടിങ് ഓഫീസർമാർ സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് എല്ലാ രേഖപ്പെടുത്തലുകളും വരുത്തിയ സി. ആർ കൾ (സി.ആർ -ൽ എ ഗ്രേഡ് അഞ്ചിൽ കൂടുതൽ രേഖപ്പെടുത്തുകയാണെങ്കിൽ അതിനുള്ള വിശദീകരണവും സി , ഡി ഗ്രേഡുകൾ രേഖപ്പെടുത്തുകയാണെങ്കിൽ അതിനുള്ള വിശദീകരണവും ഉൾപ്പെടെ) റിവ്യൂ ചെയ്ത് നിശ്ചിത സമയ പരിധിക്കുള്ളിൽ ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

Approval Valid

Digitally Approved By
സിജു ജേക്കബ്
Date: 06.01.2022
Reason: Approved

ഒപ്പ്/-
**സിജു ജേക്കബ്**
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1 . എല്ലാ ഡെപ്യൂട്ടി ഡയറക്ടർ മാർക്കും
2 . എല്ലാ കോളേജ് പ്രിൻസിപ്പൽ മാർക്കും
3 . കരുതൽ ഫയൽ/നടപ്പ്